**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 802** **14-10-2026-ൽ മറുപടിയ്ക്ക്**

**പരിസ്ഥിതിലോല കരട് വിജ്ഞാപനം മലയോര ജനതയ്ക്ക് ഉണ്ടാക്കിയിട്ടുള്ള ആശങ്കകൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. തോമസ് ഉണ്ണിയാടൻ ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** നിർദ്ദിഷ്ട പരിസ്ഥിതിലോല കരട് വിജ്ഞാപനം വനമേഖലയോട് ചേർന്ന് ജീവിക്കുന്ന മലയോര ജനതയ്ക്ക് ഉണ്ടാക്കിയിട്ടുള്ള ആശങ്കകൾ പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

**മറുപടി:** സംസ്ഥാനത്തിന്റെ സവിശേഷ ഭൂപ്രകൃതി, ജനവാസരീതി, കാർഷിക മേഖലയിലെ പ്രത്യേകതകൾ, പ്രാദേശിക ജനങ്ങളുടെ ഉപജീവനമാർഗങ്ങൾ എന്നിവ പരിഗണിച്ച് കൊണ്ട് സംസ്ഥാന സർക്കാർ 24.09.2026-ന പരിഷ്കരിച്ച നിർദ്ദേശം തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആയതിലേക്കായി വിശദമായ GIS വിശകലന പഠനം, സ്ഥലപരിശോധന, തദ്ദേശ, ജില്ലാതല പരിശോധന, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അഭിപ്രായങ്ങൾ എന്നിവ നടത്തി സംസ്ഥാനത്തെ 98 വില്ലേജുകളിലായി 8,590.69 ചതുരശ്ര കിലോമീറ്റർ പ്രദേശം ESA-യിൽ ഉൾപ്പെടുന്ന തരത്തിലാണ് പരിഷ്കരിച്ച നിർദ്ദേശം തയ്യാറാക്കിയിട്ടുള്ളത്. 33 വില്ലേജുകളെ പൂർണമായും ESA യിൽ നിന്നും ഒഴിവാക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ജനവാസ മേഖലകൾ, കൃഷിയിടങ്ങൾ, തോട്ടങ്ങൾ എന്നിവ പൂർണ്ണമായും പരിസ്ഥിതിലോല പ്രദേശത്തിൽ (ESA) നിന്നും ഒഴിവാക്കണമെന്ന സംസ്ഥാന സർക്കാരിന്റെ വ്യക്തവും ശക്തവുമായ നിലപാട് കാര്യകാരണങ്ങളും സ്ഥിതി വിവരക്കണക്കുകളും സഹിതം വിശദമായും യുക്തിഭദ്രമായും പരിഷ്കരിച്ച നിർദ്ദേശത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. ജനങ്ങളുടെ ആശങ്കകൾ പരിഗണിച്ച്, പരിസ്ഥിതി സംരക്ഷണവും പ്രാദേശിക ജനങ്ങളുടെ ഉപജീവനമാർഗങ്ങളും തമ്മിൽ സന്തുലിതാവസ്ഥ ഉറപ്പാക്കുന്നതിനായി ശാസ്ത്രീയമായി നിർണ്ണയിച്ച പരിധിയിൽ ESA നിയന്ത്രണങ്ങൾ പരിമിതപ്പെടുത്തണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം പ്രസ്തുത നിർദ്ദേശങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**(ബി)** ജനവാസ-തോട്ട മേഖലകളെയും തോട്ടങ്ങളെയും ഒഴിവാക്കി ഇത് നടപ്പാക്കുന്നതിലുള്ള പ്രശ്നങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** ജനങ്ങളുടെ ആശങ്ക പൂർണ്ണമായും അകറ്റി വനമേഖലയെ മാത്രം പരിസ്ഥിതിലോല പ്രദേശമായി പ്രഖ്യാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വ്യക്തമാക്കാമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**